## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1430 — 30-01-2018 -ൽ മറുപടിക്ക്

### ഓഖി ദുരന്തം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് 29-11-2017 ന് കേന്ദ്രകാലാവസ്ഥ വകുപ്പിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടും നടപടിയെടുക്കാതെ അലംഭാവം കാണിച്ച് വലിയ ദുരന്തത്തിന് വഴി തെളിച്ച ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) | ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് 29-11-2017 ന് കേന്ദ്രകാലാവസ്ഥ വകുപ്പിൽ നിന്നും അറിയിപ്പ് ലഭിച്ചിരുന്നില്ല. അറിയിപ്പ് ലഭിച്ചിട്ടും നടപടിയെടുക്കാതെ അലംഭാവം കാണിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ബി) | 06/12/2017-ലെ സ.ഉ.(കൈ)നം.1/2017/ഡി.എം.ഡി പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുനഃസംഘടിപ്പിക്കാൻ തീരുമാനിക്കുകയും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 11/12/2017-ലെ സ.ഉ.(സാധാ)നം.84/2017/ഡി.എം.ഡി പ്രകാരം പുതുതായി 10 ഹസാർഡ് അനാലിസ്റ്റുകളെ 10 ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ